## മഹാത്മാഗാന്ധി സർവകലാശാല

(സംഗ്രഹം)

14.08.2017 ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റ മിനിറ്റ്സ് - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആസൂത്രണവും വികസനവും III – സെക്ഷൻ

നം. 5186/പി & ഡി-3/2/2017/ ഭരണവിഭാഗം　　　　തീയതി. പി.ഡി.ഹിൽസ് – 24.08.2017

പരാമർശം: 14.08.2017-നു ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ വച്ച് കൂടിയ റൂസ അവലോകന സമിതി യോഗത്തിന്റെ അംഗീകരിച്ച മിനിറ്റ്സ്.

### ഉത്തരവ്

പരാമർശം പ്രകാരം റൂസ പദ്ധതി അവലോകന സമിതിയുടെ യോഗം 14.08.2017-ന് ഉച്ച കഴിഞ്ഞ് 3.00 മണിക്ക് ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സർവകലാശാലയിലെ നാല് സയൻസ് വകുപ്പുകളിൽ നിന്ന് ലാബ് ഉപകരണങ്ങൾ വാങ്ങുന്ന പദ്ധതി യോഗം വിലയിരുത്തി നിയമാനുസൃത ടെൻഡർ നടപടികൾ പൂർത്തിയാക്കി ആവശ്യമായ ഉത്തരവുകൾ അതാത് വകുപ്പു തലത്തിൽ പുറപ്പെടുവിച്ച് 30.08.2017-നു മുൻപായി പർച്ചേസ് നടപടികൾ പൂർത്തികരിക്കേണ്ടതാണെന്ന് വകുപ്പു തലവൻമാർക്ക് നിർദ്ദേശം നൽകുവാൻ ശുപാർശ ചെയ്തു. യു.ഒ.നം. 2584/പി & ഡി-3/1/2017/ഭരണവിഭാഗം തീയതി. 05.05.2017 പ്രകാരം ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് വകുപ്പു തലവൻമാർക്ക് മാറ്റി നൽകിയിട്ടുള്ളതാണ്. ആയതിൽ നിന്നും ഇതുമായി ബന്ധപ്പെട്ട ടെൻഡർ പരസ്യപ്പെടുത്തിയ ചാർജ്ജ് ഉൾപ്പെടെയുള്ള പേയ്മെന്റുകൾ വകുപ്പു തലവൻമാർ നൽകേണ്ടതും ഇതു സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ് 30.08.2017-ന് മുൻപ് സമർപ്പിക്കേണ്ടതുമാണ്.
2. ക്യാമ്പസ് വൈഫൈ, മറ്റ് ഐറ്റി അധിഷ്ഠിത പദ്ധതികൾ സംബന്ധിച്ച് കെൽട്രോണുമായുള്ള നെഗോഷ്യേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് ഇതിനായി രൂപീകരിച്ച കമ്മിറ്റിയുടെ കൺവീനറായ ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)-നെ ചുമതലപ്പെടുത്തി. നെഗോഷ്യേഷൻ നടപടികൾ പൂർത്തിയാക്കി 24.08.2017-നു മുൻപ് റിപ്പോർട്ട് കമ്മിറ്റി അംഗങ്ങളായ ജോയിന്റ് രജിസ്ട്രാർ-1(ഭരണവിഭാഗം), സിസ്റ്റം മാനേജർ, ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്), സർവകലാശാലാ എഞ്ചിനീയർ എന്നിവർ ചേർന്ന് സമർപ്പിക്കേണ്ടതാണ്.
3. ക്യാമ്പസിൽ നടപ്പിലാക്കി വരുന്ന ഇ-ഗവേർണൻസ് പദ്ധതിയ്ക്കും, സി-ടെക്സിനും വേണ്ടി 500 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ഇ-ടെൻഡർ പുറപ്പെടുവിച്ചതായും 31.07.2017-ന് പ്രീ-ബിഡ് മീറ്റിംഗ് കൂടിയതായും അതിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഉന്നയിച്ച സംശയങ്ങൾ ഇ-മെയിൽ മുഖാന്തിരം വ്യക്തത വരുത്തിയതായും

(മറുപുറം...)

പി & ഡി-3 സെക്ഷൻ റിപ്പോർട്ട് ചെയ്തത് യോഗം അംഗീകരിച്ചു. പ്രസ്തുത സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ, Corrigendum പുറപ്പെടുവിച്ച് ടെൻഡർ സമർപ്പിക്കേണ്ട സമയം ദീർഘിപ്പിച്ചു നൽകേണ്ടതില്ലെന്നും യോഗം വിലയിരുത്തി. നിശ്ചയിച്ച പ്രകാരം 16.08.2017, 2.30 പി.എം.-ന് ടെൻഡർ തുറക്കേണ്ടതിനും ആവശ്യമായ എണ്ണം ടെൻഡർ ലഭിക്കാത്ത പക്ഷം മാത്രം റീ-ടെൻഡർ നടപടികളിലേക്ക് കടന്നാൽ മതിയെന്നും യോഗം തീരുമാനിച്ചു. ടെക്നിക്കൽ ബിഡ് പരിശോധിക്കേണ്ടതിന് നിലവിലുള്ള കമ്മിറ്റി കൂടാതെ അന്തിമ ലിസ്റ്റിൽ ഉൾപ്പെടുന്ന വെൻഡർ മാരുടെ പ്രൊഡക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുന്നതിന് (Technical Evaluation) ജോയിന്റ് രജിസ്ട്രാർ-1(ഭരണവിഭാഗം) കൺവീനറായും, സിസ്റ്റം മാനേജർ, ഹാർഡ് വെയർ എഞ്ചിനീയർ, ശ്രീ. മധു വി.ടി. ഏകോപനാധികാരി, ഐ.റ്റി.സെൽ, സർവകാലശാലാ എഞ്ചിനീയർ എന്നിവരടങ്ങുന്ന സമിതിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

4. റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി സർവകലാശാലയിൽ നടപ്പിലാക്കുന്ന 400 കെ.വി. സോളാർ വൈദ്യുത നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെൻഡർ പുറപ്പെടുവിച്ചതായും പദ്ധതിയുടെ നടത്തിപ്പിനുള്ള കൺസൾട്ടന്റായി കിറ്റ്കോയെ പരിഗണിക്കണമെന്നും സർവകലാശാലാ എഞ്ചിനീയർ ആവശ്യപ്പെട്ടത് യോഗം പരിഗണിച്ചു. ഇതുമായി ബന്ധപ്പെട്ട് കിറ്റ്കോയുമായി ചർച്ച ചെയ്യുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തി.
5. വിദ്യാർത്ഥികളുടെ കാന്റീൻ കെട്ടിടം നവീകരിക്കുന്നതിന് റൂസ പദ്ധതിയിൽ ഉൾപ്പെടുത്തി, സർവകലാശാലയിൽ നടന്നു വരുന്ന വിവിധ കെട്ടിടങ്ങളുടെ പെയിന്റിംഗ്, നവീകരണം, അറ്റകുറ്റ പണികൾ എന്നീ പ്രവർത്തനങ്ങളുടെ തുടർച്ചയായി അഞ്ച് ലക്ഷം രൂപയുടെ പദ്ധതികൂടി നടപ്പിലാക്കുന്നതിനായി സർവകലാശാലാ എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച്, നടപ്പിലാക്കാൻ തീരുമാനിച്ചു.
6. റൂസ പദ്ധതിയിൽപ്പെടുത്തിയ ലൈബ്രറി അനക്സ് കെട്ടിടത്തിന്റെ നിർമ്മാണത്തിന് തടസ്സമായി പ്രധാന ലൈബ്രറിയോടു ചേർന്ന് നിൽക്കുന്ന മരം മൂന്ന് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ മുറിച്ച് മാറ്റുന്നതിന് എസ്റ്റേറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

ശുപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിക്കുകയുണ്ടായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

തുളസീലാൽ ആർ.എൻ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേഴ്സനൽ അസിസ്റ്റന്റുമാർ
3. വകുപ്പു മേധാവി, സ്കൂൾ ഓഫ് പ്യൂർ ആൻഡ് അപ്ലൈഡ് ഫിസിക്സ്

4. വകുപ്പു മേധാവി, സ്കൂൾ ഓഫ് ബയോസയൻസസ്
5. വകുപ്പു മേധാവി, സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസ്
6. വകുപ്പു മേധാവി, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്
7. ജോയിന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
8. ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്)
9. സർവകലാശാല എഞ്ചിനീയർ
10. എസ്റ്റേറ്റ് ഓഫീസർ
11. സിസ്റ്റം മാനേജർ
12. ഹാർഡ് വെയർ എഞ്ചിനീയർ
13. ശ്രീ. മധു. വി.ടി., ഏകോപനാധികാരി, ഐ.റ്റി. സെൽ
14. ഫിനാൻസ് I,IV/ഓഡിറ്റ് I
15. എ.സി.സി. സെക്ഷൻ/എ.ഡി.ഡി. സെക്ഷൻ
16. ജോയിന്റ് ഡയറക്ടർ, എൽ.എഫ്.എ/അക്കൗണ്ട്സ് V
17. റെക്കോർഡ്സ് സെക്ഷൻ/ജനറൽ കാഷ്
18. സി.എം.സ്
19. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: പി & ഡി- 3/2/702/281/2016/ഭരണവിഭാഗം